(2) വിദേശ സർവ്വകലാശാലകൾക്ക് പ്രവർത്തനാനുവാദം നൽകുന്ന നിയമം

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, നമ്മുടെ രാജ്യം മുഴുവൻ വിശദമായി ചർച്ച ചെയ്യേണ്ട ഒരു വിഷയത്തിലേക്കാണ് ഞാൻ സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. വിദേശ സർവ്വകലാശാലകളെ ഇന്ത്യയിലേക്ക് കടത്തിക്കൊണ്ട് വരുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ദൂരവ്യാപകമായ നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുവാൻ സാധ്യതയുള്ള ഒരു തീരുമാനമാണിത്. വിദേശ സർവ്വകലാശാല നിയന്ത്രണ ബില്ല് ഇന്ത്യയുടെ വിദ്യാഭ്യാസ സാംസ്ക്കാരിക മേഖലകളോടുള്ള വെല്ലുവിളിയാണ്. ഒരു രാജ്യത്തിന്റെ ചരിത്രവും അതിന്റെ തനിമയും വൈവിദ്ധ്യവുമെല്ലാം ഉൾക്കൊണ്ടുകൊണ്ട് സർവ്വസമഗ്രമായ ഇടപെടലുകളിലൂടെ ജനതയുടെ പ്രോജ്ജ്വലമായ വികസനത്തിനുവേണ്ടി നിലകൊള്ളുന്ന പ്രസ്ഥാനമാണ് സർവ്വ കലാശാല. അത് വെറുമൊരു സ്ഥാപനം മാത്രമല്ല, ഒരു പ്രസ്ഥാനമാണ്. ഇത്തരമൊരു മഹാ പ്രസ്ഥാനത്തെ അക്ഷരാർത്ഥത്തിൽ വികസിപ്പിച്ചെടുത്ത ഒരു രാജ്യമാണ് ഇന്ത്യ, അതാണ് നളന്ദയും തക്ഷശിലയുമെല്ലാം. അന്ന് ലോക രാജ്യങ്ങളിലൊന്നും ഇത്തരത്തിലുള്ള പ്രസ്ഥാനങ്ങൾ വളർന്ന് വന്നിരുന്നില്ല. ഇന്ത്യയുടെ തനതായ സർവ്വകലാശാലകൾ രാജ്യമെമ്പാടും വളരുകയാണ് വേണ്ടത്. ഒരു ജനതയുടെ നൈസർഗ്ഗികമായ വികാസത്തിന് തടസ്സമായി വന്നത് കൊളോണിയൽ വിദ്യാഭ്യാസമാണ്. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ കൊളോണിയൽ ഹാങ്ങ്ഓവറിനെ തുത്തെറിഞ്ഞുകൊണ്ട് ജനതയുടേയും മണ്ണിന്റേയും തനിമയെ വികസിപ്പിക്കുന്ന വിദ്യാഭ്യാസ പദ്ധതികളാണ് വേണ്ടത്. അർത്ഥപൂർണ്ണമായ വിദ്യാഭ്യാസം ഇങ്ങനെയാണ് ചിട്ടപ്പെടുത്തേണ്ടത്. തനത് നയത്തിന്റെ കടകവിരുദ്ധമായ സമീപനമാണ് വിദേശ സർവ്വകലാശാലകളുടെ വരവ്. മാത്രമല്ല ഇന്ത്യൻ സർവ്വകലാശാലകളിലേക്ക് വിദേശ വൈസ്ചാൻസലർമാരെ കൊണ്ടുവരാൻ പോകുന്നു എന്നും കേൾക്കുന്നു. വിചിത്രമെന്നോ, അവിശ്വസനീയമെന്നോ എന്നേ ഇതിനെ പറയാൻ കഴിയുള്ളൂ. രാജ്യത്തിന്റെ സാധ്യതയും ബൗദ്ധികമികവിനേയും അറിയാത്തതാണോ ഈ തെറ്റായ നീക്കത്തിന് കാരണമെന്ന് തോന്നുന്നു. ഇന്ത്യൻ വിദ്യാഭ്യാസ മേഖലയെ മാറ്റിയെടുക്കാൻ വിദ്യാഭ്യാസ ചരിത്ര-സാംസ്ക്കാരിക വിദഗ്ദ്ധരെയല്ല ചുമതലപ്പെടുത്തിയത് ; അംബാനിയേയും ബിർളയേയുമാണ്. അത് ആഗോളവൽക്കരണത്തിന്റേയും കമ്പോളവൽക്കരണത്തിന്റേയും സിദ്ധാന്തങ്ങളുടെ ശുദ്ധ തെളിവാണ്. ആരോഗ്യ സർവ്വകലാശാലയുടെ കാര്യത്തിൽ, കേരളത്തിലെ സ്ഥിതിമാത്രമെടുത്താൽ മതി. നമ്മുടെ രാജ്യത്ത് തനിമയാർന്ന സർവ്വകലാശാല എങ്ങനെ വരണം എന്ന് ബോധ്യമാകും. അലോപ്പതി, ആയുർവ്വേദം, ഹോമിയോ, യുനാനി എന്നീ ശാസ്ത്ര ശാഖകളെ സമഗ്രമായി ഉദ്ഗ്രഥിച്ചുകൊണ്ട് നാം വികസിപ്പിച്ചെടുത്ത ഹോളിസ്റ്റിക് സമീപനമുള്ള ഒരു ആരോഗ്യ സർവ്വകലാശാല വിദേശത്ത് നിന്നു കൊണ്ടുവരാൻ പറ്റുമോ ? ഇത്തരത്തിലൊരു സർവ്വകലാശാല വിദേശത്ത് നിന്ന് ഇവിടെ പറിച്ച് നടാൻ

LIBRARY ARCHIVES Kerala Legislative Assembly

പറ്റുമോ ? നമ്മുടെ ചരിത്രപരമായ പിന്നോക്കാവസ്ഥകളെ മനസ്സിലാക്കുവാൻ കടന്ന് വരുന്ന വിദേശ സർവ്വകലാശാലയ്ക്ക് കഴിയുമോ ? ഇല്ല. സമസ്ത മേഖലകളിലും ലോകത്തിൽ വച്ച് ഏറ്റവും ഉയർന്ന ബൗദ്ധിക തലമുള്ളത് നമുക്കാണ്. ക്രയോജനിക് എൻജിന്റെ സാങ്കേതിക വിദ്യ ഇന്ത്യയ്ക്ക് നൽകില്ല എന്ന് പറഞ്ഞപ്പോൾ മൂന്ന് വർഷത്തിനുള്ളിൽ ആ സാങ്കേതിക വിദ്യ ആർജിച്ചവരാണ് നാം. ആണവ രംഗത്ത് മൂന്നാം ഘട്ടം എന്ന് പറഞ്ഞിരുന്ന യുറേനിയം 235-ഉം പ്ലൂട്ടോണിയവും ചേർന്ന മിശ്രിതത്തെ തോറിയം കൊണ്ട് പൊതിഞ്ഞ് Artificial Transmutation-ലൂടെ 40 ഇരട്ടി ഫിഷൻ പൊട്ടൻഷ്യലുള്ള യുറേനിയം 233 ഉണ്ടാക്കിയ ഗവേഷണം നടത്തിയത് ഇന്ത്യൻ ഗവേഷണശാലയിലാണ്. നാനോ ടെക്നോളജിയിലും ബയോടെക്നോളജിയിലും അദ്ഭുതീയ സ്ഥാനം നമുക്കുണ്ട്. രാജ്യത്തിന്റെ തനതായ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും സർവ്വകലാശാലകളെയും കഴിയുന്നത്ര വികസിപ്പിച്ച് കൊളോണിയൽ ഹാങ് ഓവറിനെ ഇല്ലാതാക്കിക്കൊണ്ട് നമുക്ക് അഭിമാനിക്കാവുന്ന സർവ്വകലാശാലകളെ വികസിപ്പിച്ചെടുക്കാൻ കൂടുതൽ പണം മുടക്കുകയാണ് വേണ്ടത്. ജി.ഡി.പി.യുടെ 6 ശതമാനം വിദ്യാഭ്യാസരംഗത്ത് നിക്ഷേപിക്കണമെന്ന കോത്താരി കമ്മീഷൻ റിപ്പോർട്ട് ഇനിയും നടപ്പിലാക്കാതെ വിദേശ മൂലധനത്തെ ക്ഷണിക്കുകയാണ്. ഇത് വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണമല്ല കമ്പോളവൽക്കരണം മാത്രമാണ്. കേരള ജനത ഇതിന് ശക്തമായി പ്രതികരിക്കണമെന്ന് ആവശ്യപ്പെടുന്നു. ഒരിക്കൽ കൂടി ഈ വിഷയത്തിലേക്ക് സഭയുടെ ശ്രദ്ധക്ഷണിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, വിദേശ സർവ്വകലാശാലകൾ ഈ രാജ്യത്ത് പ്രവർത്തിക്കുവാൻ അനുവദിക്കുന്ന പക്ഷം ഇന്ത്യയിലെ വിദ്യാഭ്യാസ മേഖല കാതലായ പുരോഗതി കൈവരിക്കും എന്നതാണ് കേന്ദ്ര മാനവവിഭവശേഷി വികസന വകുപ്പിന്റെ അവകാശവാദം. ഈ സ്ഥാപനങ്ങൾവഴി ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ സീറ്റുകളും അതുവഴി വിദ്യാർത്ഥികളുടെ എൻറോൾമെന്റ് നിരക്കും കൂട്ടുവാൻ സാധിക്കുമെന്ന് അവർ കണക്കാക്കുന്നു. ഇതുവഴി വിദ്യാഭ്യാസ ഗുണനിലവാരം പ്രത്യക്ഷമായും പരോക്ഷമായും മെച്ചപ്പെടുമെന്നും അവർ പ്രതീക്ഷിക്കുന്നു, വാദിക്കുന്നു. ഇന്ത്യയിൽ സ്ഥാപിക്കുന്ന വിദേശ സർവ്വകലാശാലകളുടെ വിദൂര പഠനകേന്ദ്രങ്ങളിൽ ചേരുന്ന വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭിക്കുമെന്നത് പ്രത്യക്ഷമായ നേട്ടമാണെന്നും വാദിക്കുന്നു. കൂടാതെ ഇന്ത്യൻ സർവ്വകലാശാലകളുമായി മാത്സര്യം വളർത്തുകവഴി ഇവിടത്തെ സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുമെന്നുള്ളത് പരോക്ഷ നേട്ടമായും അവതരിപ്പിക്കുന്നു. വിദ്യാഭ്യാസപരമായ അടിസ്ഥാന കാഴ്ചപ്പാടുകളുമായി പൊരുത്തപ്പെടാത്ത ഒരു വീക്ഷണമാണ് മുകളിൽപ്പറഞ്ഞത്. ഓരോ രാജ്യവും പ്രസ്തുത രാജ്യത്തിന്റെ ഭരണഘടനാബാധ്യത നിറവേറ്റാൻ പ്രാപ്തരായ വ്യക്തികളെ സജ്ജരാക്കാൻ വേണ്ടിയാണ് ആ രാജ്യത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായത്തിന് രൂപം നൽകുന്നത്, അത് പൊതുവിദ്യാഭ്യാസമായാലും ഉന്നത വിദ്യാഭ്യാസമായാലും. മാനവരാശി

LIBRARY ARCHIVES Kerala Legislative Assembly

വികസിപ്പിക്കുന്ന അറിവ് സാർവ്വജനീനമാണ് എന്നതിൽ യാതൊരു സംശയവുമില്ല. മാനവരാശിക്ക് എല്ലാം അതിൽ അവകാശമുണ്ട്. എന്നാൽ വിപണി അധിഷ്ഠിതമായ വികസന കാഴ്ചപ്പാട് വിദ്യാഭ്യാസത്തെയും ചരക്കായി വീക്ഷിക്കുന്നു. അതുകൊണ്ടുതന്നെ അറിവിന്റെ സാർവ്വജനീന സ്വഭാവത്തെ ഈ കാഴ്ചപ്പാട് അംഗീകരിക്കില്ല. അറിവിന്റെ നിഗൂഢവൽക്കരണമാണ് വിപണി അധിഷ്ഠിത കാഴ്ചപ്പാടിന്റെ മുഖമുദ്ര. ഇതിൽ നിന്ന് തികച്ചും ഭിന്നമാണ് ജനാധിപത്യത്തിൽ അധിഷ്ഠിതമായ വിദ്യാഭ്യാസ കാഴ്ചപ്പാട്. അറിവിന്റെ ജനാധിപത്യവൽക്കരണമാണ് ഈ കാഴ്ചപ്പാടിന്റെ കേന്ദ്രബിന്ദു. മാനവരാശി വികസിപ്പിക്കുന്ന ഏതൊരറിവും എല്ലാവർക്കും പ്രാപ്യമാകണം എന്നതാണ് ഈ കാഴ്ചപ്പാട് ആവശ്യപ്പെടുന്നത്. നമ്മുടെ ഭരണഘടനയ്ക്കുള്ളിൽ നിന്നുകൊണ്ട് നമ്മുടെ സാംസ്ക്കാരിക പശ്ചാത്തലം ഉൾക്കൊണ്ടുകൊണ്ട് അറിവിന്റെ ഔന്നിത്യത്തിലേക്ക് വളരാനും വികസിക്കാനും അർഹരായ വർക്കെല്ലാം സാധിക്കേണ്ടതുണ്ട്. നമ്മുടെ നാടിന്റെ സാംസ്ക്കാരിക പശ്ചാത്തലം ലയിച്ചു ചേർന്ന വിദ്യാഭ്യാസം ഉറപ്പാക്കുവാൻ ഇന്ത്യൻ സർവ്വകലാശാലകൾക്കാണ് കൂടുതൽ സാധിക്കുക. നമ്മുടെ സർവ്വകലാശാലകൾ വിദേശത്തുള്ള സർവ്വകലാശാലകളുമായി അക്കാദമികമായ ബന്ധങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്. അതിപ്പോൾ തന്നെയുണ്ട്. കേരള സർവ്വകലാശാലയ്ക്കടക്കം വിദേശത്ത് ഒട്ടേറെ സർവ്വകലാശാലകളുമായി അക്കാദമിക ബന്ധങ്ങളുണ്ട്. ഇവിടെയുള്ള ഫാക്കൽറ്റികൾക്ക് വിദേശ സർവ്വകലാശാലകളിലുള്ള ഫാക്കൽറ്റികളുമായി ബന്ധപ്പെടാനും, വിദേശ സർവ്വകലാശാലകളിലുള്ള ഫാക്കൽറ്റികൾക്ക് ഇന്ത്യൻ സർവ്വകലാശാലകളിലുള്ള ഫാക്കൽറ്റികളുമായി ബന്ധപ്പെടാനുമുള്ള സൗകര്യമുണ്ടാകണം. ഈ അടുത്ത കാലത്ത് കേരളത്തിനും ഇന്ത്യയ്ക്കും വളരെ അഭിമാനിക്കാവുന്ന ഒരു കാര്യം നടന്നു. പട്ടണത്തിൽ ഒരു വലിയ ഉത്ഖനന ഗവേഷണ പ്രവർത്തനം നടക്കുന്നുണ്ട്. അന്താരാഷ്ട്ര ആർക്കിയോളജിക്കൽ മാനദണ്ഡങ്ങളെല്ലാം പാലിച്ചുകൊണ്ടാണ്. അവിടെ നിന്നും ആ പ്രദേശവും വിദേശരാജ്യങ്ങളും തമ്മിലുള്ള കച്ചവട-സാംസ്ക്കാരിക ബന്ധങ്ങൾ സംബന്ധിച്ച ചരിത്ര തെളിവുകൾ ബി.സി.യിൽ കണ്ടെത്തുകയുണ്ടായി. ഇത് മനസ്സിലാക്കിയ ഓക്സ്ഫോർഡ് സർവ്വകലാശാലയുടെ സ്ക്കൂൾ ഓഫ് ആർക്കിയോളജി സംയുക്തമായ ഗവേഷണ പ്രവർത്തനം നടത്താനുള്ള താല്പര്യം പ്രകടിപ്പിക്കുകയും, ഓക്സ്ഫോർഡ് സർവ്വകലാശാലയുടെ സ്ക്കൂൾ ഓഫ് ആർക്കിയോളജിയുടെ പ്രൊഫസർമാരും പ്രതിനിധികളും ഇവിടെ വരികയും കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക് റിസർച്ചുമായി ഒരു ധാരണാപത്രം ഒപ്പിടുകയും ചെയ്തു. ഈ നിലയിൽ വിദേശ സർവ്വകലാശാലകളുമായിട്ടുള്ള സംയുക്ത പ്രവർത്തനങ്ങളാണ്..... (ബഹളം).....

മി. സ്പീക്കർ : ശ്രീ. ജോസഫ് എം. പുതുശ്ശേരി എല്ലാകാര്യങ്ങളിലും ഇങ്ങനെ ഇടപെടാതിരിക്കു.....അങ്ങ് അവസാനിപ്പിക്കു.....

ശ്രീ. എം. എ. ബേബി : മോണ്ട്ബ്ലെയർ യൂണിവേഴ്സിറ്റിയുടെ കാര്യമെല്ലാം പറഞ്ഞ് പരാജയപ്പെട്ട കാര്യങ്ങളാണ്. അത് വീണ്ടും വീണ്ടും

LIBRARY ARCHIVES Kerala Legislative Assembly

പറയേണ്ട കാര്യമില്ല. അതുകൊണ്ട് വിദേശ സർവ്വകലാശാലകൾക്ക് ഇന്ത്യയുടെ വാതായനങ്ങൾ തുറന്നുകൊടുക്കുന്നത് ഇന്ത്യൻ സർവ്വകലാശാലകളുടേയും ഇന്ത്യയുടെ ഉന്നത വിദ്യാഭ്യാസത്തിന്റെയും വളർച്ചയ്ക്ക് ഒട്ടും സ്വീകാര്യമല്ല. കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന ഗവൺമെന്റിന്റെ ഇക്കാര്യത്തിലുള്ള വ്യത്യസ്ത അഭിപ്രായം നാം അറിയിച്ചിട്ടുണ്ട്.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, വിദേശ സർവ്വകലാശാലകൾ ഇന്ത്യയിൽ വന്നാൽ ഇന്ത്യയിൽ നിന്ന് വിദേശത്ത് പഠിക്കാൻ പോകുന്നവർ ഇവിടെത്തന്നെ പഠിക്കും എന്നാണ് പറയുന്നത്. ; ഈ അഭിപ്രായത്തോട് അങ്ങ് യോജിക്കുന്നുണ്ടോ ?

ശ്രീ. എം. എ. ബേബി : ഈ അഭിപ്രായത്തോട് യോജിക്കുന്നില്ല.

IV സബ്മിഷൻ

(1) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്തംഭനാവസ്ഥ

ശ്രീ. എം. മുരളി : സർ, ബഹുമാനപ്പെട്ട ചെയർ പറഞ്ഞതുപോലെ ഞാൻ സബ്മിഷനുള്ള നോട്ടീസല്ല ശ്രദ്ധക്ഷണിക്കലാണ് തന്നത്. അത് ശ്രദ്ധ ക്ഷണിക്കലിനേക്കാൾ കൂടുതൽ ഗൗരവമുള്ള വിഷയമായിട്ട് മാറിയതുകൊണ്ടാണ് അടിയന്തര പ്രമേയത്തിന് റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയത്. നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ സ്കൂൾ വിദ്യാഭ്യാസ രംഗത്തും കോളേജ് വിദ്യാഭ്യാസ രംഗത്തും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൽകിയ സംഭാവന ആർക്കും വിലകുറച്ച് കാണാൻ കഴിയുകയില്ല. അത് ചരിത്രപരമായ ഒരു യാഥാർത്ഥ്യമാണ്. നമ്മുടെ 11,785 സ്കൂളുകളിൽ 7,284 സ്കൂളുകൾ എയ്ഡഡ് മേഖലയിലാണ്. സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകൾ 189 എണ്ണമുള്ളതിൽ 150-ഉം എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലാണ്. സംസ്ഥാനത്തെ സ്കൂളുകളാണെങ്കിലും കോളേജുകളാണെങ്കിലും ഭൂരിപക്ഷം വിദ്യാർത്ഥികളും അധ്യാപകരും എയ്ഡഡ് മേഖലയിലുള്ളവരാണ് എന്നുള്ള യാഥാർത്ഥ്യം ഗവൺമെന്റ് അംഗീകരിക്കുമെന്നാണ് ഞാൻ കരുതുന്നത്. അതുകൊണ്ട് പണ്ടും ഇന്നും എയ്ഡഡ് വിദ്യാഭ്യാസ മേഖല കേരളത്തിന്റെ വിദ്യാഭ്യാസ നവോത്ഥാന മുന്നേറ്റത്തിൽ വഹിക്കുന്ന പങ്ക് ആർക്കും വില കുറച്ചുകാണാൻ കഴിയുകയില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും ഒടുവിലത്തെ ഉത്തരവുകൾ ഉൾപ്പെടെ ഡിപ്പാർട്ടുമെന്റ് ഇറക്കിയ ഉത്തരവുകൾ എയ്ഡഡ് വിദ്യാഭ്യാസ മേഖലയെ ഗുരുതരമായ പ്രതിസന്ധിയിലെത്തിച്ചിരിക്കുന്നു. എയ്ഡഡ് സ്കൂളുകളിൽ ഒരു വർഷത്തിൽ കുറഞ്ഞ ഒഴിവുകളിൽ ദിവസക്കൂലിക്കാരെ മാത്രമേ നിയമിക്കാവൂ എന്നുള്ള സർക്കാരിന്റെ ഉത്തരവ് പ്രകാരം കേരളത്തിലെ എയ്ഡഡ് സ്കൂളുകളിൽ ഡെയ്ലി വേജസുകാരായ അധ്യാപകരെക്കൊണ്ട് നിറച്ചിരിക്കുകയാണ്. 12-1-2010-ലെ ഉത്തരവ് അനുസരിച്ച് എയ്ഡഡ് സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ 1:1 പ്രകാരം പ്രൊട്ടക്ടഡ് അധ്യാപകരെക്കൊണ്ട് മാത്രമേ നികത്താവൂ എന്നാണ്. അൺ എക്കണോമിക് സ്കൂളുകൾ അവരുടെ പരിശ്രമംകൊണ്ട് കുട്ടികളുള്ള വിദ്യാലയങ്ങളായി എയ്ഡഡ് മേഖലയിൽ മാറിയാൽ അവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly